## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *630

02.04.2018 ൽ മറുപടിക്ക്

### സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. കെ. എസ്. ശബരീനാഥൻ. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് ഉള്ള ഒരു വ്യാവസായിക അന്തരീക്ഷം നിലവിലില്ലായെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ. ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് | (എ)<br>(ബി)<br>&<br>(സി) | സംസ്ഥാനത്തെ വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കാനായി അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഇതുസംബന്ധിച്ച് നടത്തിയ പഠനങ്ങളിലും ചർച്ചകളിലും വ്യക്തമായി. തുടർന്ന് ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഏഴ് (7) നിയമങ്ങളിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത നിയമ ഭേദഗതികൾ "The Kerala Investment Promotion & Facilitation Bill, 2018" എന്ന പേരിൽ ഒരു ഏകീകൃത ബില്ലായി നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും സമയ ബന്ധിതമായ അനുമതി ലഭിക്കേണ്ടതുണ്ട്. അതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു |
| (ബി) | പ്രസ്തുത അവസ്ഥ മാറ്റുന്നതിനും കേരളത്തെ നിക്ഷേപസൗഹൃദമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | | |
| (സി) | കഴിഞ്ഞ രണ്ട് വർഷം കൊണ്ട് ഇത് മൂലം സംസ്ഥാനത്ത് തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിലവിലുള്ള കൂടുതൽ നിയമങ്ങളിൽ മാറ്റം വരുത്തണമെന്ന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി അനുമതി നൽകുന്നത്, self certification deemed approval എന്നിവയുള്ള വ്യവസ്ഥകളും ചേർത്തിട്ടുണ്ട്.<br>സംസ്ഥാനത്ത് വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടപ്പാക്കുവാൻ വേണ്ടി വിവിധ വകുപ്പുകളുടെ അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം രൂപകല്പന ചെയ്തിട്ടുണ്ട്. സംസ്ഥാനത്തു നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായി സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിന് G.O (Ms)No. 100/17/ID Dated. 12.10.2017 പ്രകാരം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>വ്യവസായങ്ങൾ തുടങ്ങാൻ അനുമതികൾ നൽകേണ്ടതായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ അടങ്ങുന്നതാണ് ഈ സെൽ. ഇപ്രകാരം നടപടിക്രമങ്ങൾ സരളമാക്കിക്കൊണ്ട് അതിവേഗം അനുമതികൾ ലഭ്യമാക്കുക വഴി സംസ്ഥാനത്ത് ഒരു നവ വ്യവസായ കേരളം സൃഷ്ടിക്കുവാനും അതുവഴി കേരളത്തെ വ്യാവസായികമായി മുന്നിലേക്ക് കൊണ്ടുവരുന്നതിനും ഉതകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**